**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 248/2023**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നമ്മുടെ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് പിതാവ് മെത്രാസന ഭരണ ചുമതലയിൽ നിന്ന് ഒഴിഞ്ഞ് വിശ്രമ ജീവിതം നയിച്ചുവരികയാണല്ലോ. പ. സഭയിലെ ഒരു മെത്രാപ്പോലീത്തായായി ചുമതലയേറ്റ നാൾ മുതൽ ഇന്നുവരെയും മലങ്കരസഭയുടെ സുൽത്താൻ ബത്തേരി, തുമ്പമൺ മെത്രാസനങ്ങൾക്കുവേണ്ടി രാപകൽ അദ്ധ്വാനിച്ച് പരിശുദ്ധ സഭാമക്കളെ സത്യവിശ്വാസത്തിൽ വഴി നടത്തുവാനും, നല്ല ശിക്ഷണത്തിലും അച്ചടക്കത്തിലും ഇരുമെത്രാസനങ്ങളിലെയും വൈദികരെയും ഇടവക കളെയും പരിശീലിപ്പിക്കുവാനും ആ പിതാവിന് സാധ്യമായതിൽ ദൈവതിരുനാമത്തെ നാം മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയുടെ കാനോനാകളും കല്പനകളും അനുസരിച്ച്, ഉത്തമനും ശ്രേഷ്ഠനും വിശ്വസ്തനുമായ മേൽപ്പട്ടക്കാരന് യോഗ്യമായ വിധം ജീവിച്ച്, ഭരണം നടത്തിയിരുന്ന മെത്രാസനങ്ങൾക്കും പരിശുദ്ധ സഭയ്ക്ക് ആകമാനവും മാതൃകയാകുവാൻ ആ പിതാവിന് കഴിഞ്ഞു. പ. സഭയിലെ വിവിധ ആദ്ധ്യാത്മീക പ്രസ്ഥാനങ്ങ ളുടെ പ്രധാന ചുമതലക്കാരനായും, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മറ്റി അംഗമായും, നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തെത്തുടർന്ന് പ. സഭയുടെ അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ അദ്ധ്യക്ഷൻ എന്ന നിലയിലും സ്തുത്യർഹമായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ചുമതലപ്പെടുത്തിയ പ്രകാരം, 2021 സെപ്റ്റംബർ 14-ാം തീയതി കൂടിയ മലങ്കര അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും, 2021 സെപ്റ്റംബർ 15-ാം തീയതി നടന്ന നമ്മുടെ സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു ആ പിതാവ്.

അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായുടെ സഭാ സേവനം കണക്കിലെടുത്ത് വലിയ മെത്രാപ്പോലീത്താ എന്ന സ്ഥാനം അദ്ദേഹത്തിന് നൽകുന്നത് ഉചിതമായിരിക്കുമെന്നുള്ള നമ്മുടെ ആഗ്രഹം 2023 സെപ്റ്റംബർ മാസം 26-ാം തീയതി കോട്ടയം പഴയ സെമിനാരിയിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹ ദോസ് ഏകകണ്ഠമായി അംഗീകരിച്ച സാഹചര്യത്തിൽ ആ പിതാവ് ഇനിമുതൽ **കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ** എന്നറിയപ്പെടുന്നതാണ്. അഭിവന്ദ്യ തിരുമേനിയുടെ ആയുരാരോഗ്യ സൗഖ്യത്തിനായി നിങ്ങളേവരും പ്രാർത്ഥിക്കണമെന്ന് നാം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായി രിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 സെപ്റ്റംബർ മാസം 28-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.